**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5247. 06.02.2014 ൽ മറുപടിയ്ക്ക്.

<u>ഷെയർ ഓട്ടോ സംവിധാനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>" എ.റ്റി. ജോർജ്<br>" വി.റ്റി. ബൽറാം<br>" സണ്ണി ജോസഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഷെയർ ഓട്ടോ സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഇല്ല. എന്നാൽ ഷെയർ ടാക്സി സമ്പ്രദായം നടപ്പാക്കുന്നതു സംബന്ധിച്ച് ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | ഷെയർ ടാക്സി സംവിധാനം യാത്രക്കാരന്റെ യാത്രാ ചെലവ് കുറയ്ക്കുന്നതിനും, ഗതാഗത തിരക്ക് കുറയ്ക്കുന്നതിനും വളരെയധികം സഹായിക്കുന്നു. ഈ ആശയം പരിസ്ഥിതിക്ക് വളരെ അനുയോജ്യമാണ്. മാത്രമല്ല, കാർബൺ എമിഷൻ കുറയ്ക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. ഈ സംവിധാനം പാർക്കിംഗ് സ്പേസ് കുറയ്ക്കുന്നതിന് വഴിയൊരുക്കുകയും സ്ത്രീകൾ ഒറ്റയ്ക്ക് സഞ്ചരിക്കുമ്പോൾ ഉള്ള സുരക്ഷിതത്വ ഭീഷണി കുറയ്ക്കുകയും ചെയ്യുന്നു. |
| (സി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ഷെയർ ടാക്സി സമ്പ്രദായത്തിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്നതിന് വേണ്ടി സർക്കാർ, ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതു സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.